بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 12.07.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

12.07.2019ന് മുബാറക്ക് മോസ്ക്,ഇസ്ലാമാബാദ്,യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ജർമ്മൻ ജൽസ- അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹവർഷത്തിന്റെ വിവരണങ്ങളും ജൽസയിൽ പങ്കെടുത്ത വിശിഷ്ടാതിഥികളുടെ ഹൃദ്യവും വിശ്വാസ വർദ്ധകവുമായ അനുഭവങ്ങളും അഭിപ്രായ പ്രകടനങ്ങളും.**

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ۝ الرَّحۡمٰنِ الرَّحِيۡمِ۝ مٰلِكِ يَوۡمِ الدِّيۡنِ۝ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ۝

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ۝ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

കഴിഞ്ഞ ദിവസം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടിക്കൊണ്ട് ജമാഅത്ത് അഹ്മദിയ്യാ ജർമ്മനിയുടെ ജൽസസാലാന സമാപിക്കുക ലഭിക്കുക എന്നത് അല്ലാഹുവിന്റെ അതിമഹത്തായ ഒരനുഗ്രഹമാണ് . ആയതിനാൽ അല്ലാഹുവിന്റെ ഈ അനുഗ്രഹകടാക്ഷങ്ങൾ കൂടുതൽ ലഭിച്ചുകൊണ്ടിരിക്കുന്നതിനായി നാം അല്ലാഹുവിനോടുള്ള കൃതജ്ഞത വർദ്ധിപ്പിച്ചുകൊണ്ട് നമ്മുടെ പരിശ്രമങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കണം. ജൽസയിൽ പങ്കെടുത്ത നൂറുക്കണക്കിന് അഹ്മദികളല്ലാത്തവരും, അമുസ്ലിംകളുമായ അതിഥികൾ അവർക്ക് ഈ അന്തരീക്ഷത്തിൽ നിന്നും അസാധാരണമായ ഒരു അനുഭൂതി ലഭ്യമായതായി അഭിപ്രായപ്പെടുകയുണ്ടായി. അതുകൊണ്ട് നമ്മുടെ ജൽസ നമ്മുടെ സ്വന്തം ശിക്ഷണത്തിനുള്ള മാർഗ്ഗമായത്തീരുന്നതിനു പുറമെ തബ്ലീഗിനുള്ള വലിയൊരു മാർഗ്ഗവുമായിത്തീരുന്നു. ഇക്കാര്യങ്ങളെല്ലാം നമ്മോടു ആവശ്യപ്പെടുന്നത്, നാം അല്ലാഹുവിനോടുള്ള കൃതജ്ഞത വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയും ഈ അവസ്ഥ താൽക്കാലികമാകാതെ നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളെ നമ്മുടെ കർമ്മത്തിലൂടടെ പ്രകടമാക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബൈഅത്തിന്റെ തേട്ടം പൂർത്തിയാക്കുന്നതുമായിത്തീരണം എന്നാണ്. ജൽസയിലെ പ്രവർത്തകരായ സ്ത്രീകൾക്കും പുരുഷൻമാർക്കും കൃതജ്ഞത അറിയിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു; ലോകത്തിലെ വലിയ, വ്യവസ്ഥാപിതമായ ഓരോ ജമാഅത്തിലും അതിലെ പ്രവർത്തകർ തങ്ങളുടെ വ്യക്തി താൽപര്യങ്ങളും ജോലികളും പിൻപുറം തള്ളിക്കളഞ്ഞുകൊണ്ട് ജൽസയുടെ ഏർപ്പാടുകൾക്കും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെ സേവിക്കുന്നതിനുമായി തങ്ങളുടെ മുഴുവൻ സമയവും സമർപ്പിക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥതയിലും കൂറിലും വളരെ മുൻകടന്ന ഒരു ജമാഅത്താണ് ജർമൻ ജമാഅത്ത്. മാത്രമല്ല ചില ത്യാഗങ്ങളിൽ പല ജമാഅത്തുകളേക്കാളും വളരെ മുൻകടന്നവരാണ്. അല്ലാഹു അവരുടെ ആത്മാർത്ഥതയിലും കൂറിലും കൂടതൽ പുരോഗതി നൽകിക്കൊണ്ടിരിക്കട്ടെ. ഇത്തവണ പങ്കെടുത്തവരുടെ ആധിക്യം കാരണമായി, ഞങ്ങൾക്കും സ്വന്തമായി വലിയൊരു ജൽസാഗാഹ് വേണമെന്ന തോന്നൽ അമീർ സാഹിബിനും ജമാഅത്ത് സംവിധാനത്തിനും ഉണ്ടായിട്ടുണ്ട്. ഒരു സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും അത് സ്വന്തമാക്കുവാനുള്ള ശ്രമത്തിലാണെന്നും അമീർസാഹിബ് പറയുകയുണ്ടായി. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആ സ്ഥലം ജമാഅത്തിന് ഉത്തമമായിട്ടുള്ളതാണെങ്കിൽ അതു വാങ്ങി സ്വന്തമാക്കുവാനുള്ള സംവിധാനം അല്ലാഹു ഒരുക്കുമാറാകട്ടെ. എല്ലാ കാര്യങ്ങളും എളുപ്പമാക്കട്ടെ. ജർമൻ ജൽസയും ഇപ്പോൾ ആഗോള ജൽസയായിരിക്കുന്നു. അതുകൊണ്ടുതന്നെയും ജൽസാ ഗാഹും അനുബന്ധ സംവിധാനങ്ങളും വിശാലമാകേണ്ടതുണ്ട്.

അതിഥികളുടെ അഭിപ്രായ പ്രകടനങ്ങൾ വിവരിച്ചുകൊണ്ടു ഹുസൂർ പറയുന്നു; മിസ്റ്റർ ഹെൻസ് ഒലിവർ ഹേൻജു അദ്ദേഹം ഫ്രാങ്ക്ഫോർട്ടിലെ ഒരു ലോ ഫോറത്തിന്റെ സീനിയർ പാർട്ടണർ ആണ്. അദ്ദേഹം തന്റെ അനുഭവങ്ങൾ വിവരിച്ചുകൊണ്ടെഴുതുന്നു, പ്രത്യക്ഷത്തിൽ സമാധാനപൂർണ്ണവും സാധാരണവുമായ രീതിയിൽ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥയിൽ വരാനിരിക്കുന്ന അപകടത്തെക്കുറിച്ചും യുദ്ധത്തെക്കുറിച്ചും മുൻകൂട്ടി മനസ്സിലാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഭാവിയിൽ സംഭവിക്കാൻ പോകുന്ന അപകടത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് മനസ്സിലാക്കുക മാത്രമല്ല മറിച്ച് കൂടെക്കൂടെ ലോകത്തെ ഉണർത്തുകയും ചെയ്യുന്നു.

ലുഫ്ത്താൻസാ എയർലൈനിന്റെ ഐ.ടി ഡിപ്പാർട്ടുമെന്റിലുള്ള മെരീനാ പുൽബക്ക് സാഹിബ പറയുന്നു, ലോകസമാധാനത്തെക്കുറിച്ച് സംസാരിക്കുക എന്നത് നേതാക്കൻമാരുടെ ചൂടേറിയ വിഷയമാണ്. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സംഭാഷണത്തിലുണ്ടായിരുന്ന ശക്തി ഞാൻ മറ്റൊരിടത്തും കണ്ടിട്ടില്ല. സ്വാർത്ഥ താല്പര്യങ്ങൾക്കതീതമായി ചിന്തിച്ച് നാം നീക്കം നടത്തിയില്ലെങ്കിൽ ആറ്റോമിക് യുദ്ധത്തിന്റെ ഫലമായുണ്ടാകുന്ന നാശത്തിന് നാം ഉത്തരവാദികളായിരിക്കും. അവർ പറയുകയാണ്; എന്റെ അഭിപ്രായത്തിൽ വിദ്വേഷത്തിന്റെ മറയില്ലെങ്കിൽ മനുഷ്യന്റെ രോമം എഴുന്നു നിൽക്കാൻ ഈ ഒരു മുന്നറിയിപ്പു മാത്രം മ

തി. വിധികർത്താക്കളുടെ അടുക്കൽ ഈ സന്ദേശം എത്തേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യത്വത്തിന്റെ വ്യാപകമായ ഉന്നമനത്തിനായി ഗ്ലോബൽ തലത്തിൽ ഇതിനെക്കുറിച്ചുള്ള അവബോധം സർവ്വസാധാരണമാകേണ്ടതുണ്ട്. ഇനി ജൽസയെ സംബന്ധിച്ച പൊതുവായ ചില അഭിപ്രായങ്ങൾ വിവരിക്കാം. മാസിഡോണിയാ സംഘത്തിൽ നിന്നുള്ള അലക്സാൻഡ്രോ വാദോയിന എന്ന ഒരു വനിത പറയുന്നു; ജനങ്ങളിൽ ആത്മീയാഭിവൃദ്ധി ഉണ്ടാക്കിയെടുക്കുന്നതിനും ഐക്യം സ്ഥാപിക്കുന്നതിനും അതുപോലെ ദൈവവുമായി അടുപ്പിക്കുന്നതിനുമാണ് അഹ്മദിയ്യത്ത് ആഗ്രഹിക്കുന്നത്. പുഞ്ചിരിക്കുന്ന മുഖവുമായി വളരെ ആദരവോടെ പെരുമാറുന്ന ഒരു കൂട്ടം ആളുകളെ ഈ ജൽസയിൽ ഞങ്ങൾക്കു കാണുവാൻ സാധിച്ചു. ഞാൻ നന്ദി പ്രകടപ്പിച്ചു കൊണ്ടും വളരെ ആവേശത്തോടെയും ഇക്കാര്യത്തിന് സാക്ഷി പറയുകയാണ്. അല്ലാഹുവിൽ ദൃഢവിശ്വാസമുള്ള ഒരുകൂട്ടം ആളുകളെ ഞാൻ കണ്ടു. ഈ സൽക്കാര്യങ്ങൾ നിങ്ങൾ മുന്നോട്ടുകൊണ്ടു പോകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അഹ്മദിയല്ലാത്ത ഒരാളുടെ പ്രതികരണമാണിത്. ഈ പ്രതികരണങ്ങളെല്ലാം യഥാർത്ഥത്തിൽ നമ്മുടെ ജീവിത ലക്ഷ്യം മനസ്സിലാക്കിക്കൊണ്ട് അതു കരസ്ഥമാക്കാൻ ശ്രമിക്കണമെന്ന കാര്യത്തിലേക്ക് ശ്രദ്ധതിരിക്കുന്നതാണ്. മാസിഡോണിയൻ സംഘത്തിൽപ്പെട്ട ഒരു ടി.വി ജേണലിസ്റ്റായ സൊറാൻചോ സോറൻസ്കി സാഹിബ പറയുന്നു; ഞാൻ രണ്ടാം തവണയാണ് ജൽസയിൽ പങ്കെടുക്കുന്നത്. എനിക്കു ലഭിച്ച ഒരു ബഹുമതിയാണിത്. ജൽസയിലെ സംവിധാനങ്ങൾ വളരെ മികച്ചവയായിരുന്നു. അല്ലാഹുവിൽ വിശ്വസിക്കുകയും മുഴുവൻ ആളുകളെയും സഹായിക്കുകയും ചെയ്യുക എന്നത് ജനങ്ങൾക്കിടയിലുള്ള ആശയവ്യത്യാസങ്ങൾ ദൂരീകരിക്കപ്പെടുന്നതിനു സഹായകമാകുന്നതാണ്. ബൾഗാരിയയിൽ നിന്നും വന്ന സംഘത്തിൽപ്പെട്ട ഒരു കൃസ്തീയ വനിത ജൂലിയാ സാഹിബ പറയുന്നു; ജൽസയിൽ പങ്കെടുക്കുന്ന ആയിരക്കണക്കിന് ആളുകളിൽ ഞാനും പങ്കാളയായിരിക്കുന്നു എന്ന കാര്യമോർത്ത് ഞാൻ വികാരാധീനയാണ്. ഞാനൊരു കൃസ്ത്യാനിയാണ് എങ്കിലും എനിക്ക് താങ്കളുടെ ഈ പ്രഭാഷണം വളരെ ഇഷ്ടപ്പെട്ടു. താങ്കളുടെ പ്രാർത്ഥനകൾ ഹൃദയത്തെ സ്വാധീനിക്കുന്നവയായിരുന്നു. തിലാവത്തും എനിക്കിഷ്ടമായി. വിദ്യാർത്ഥികൾക്കുള്ള സമ്മാനങ്ങളും താങ്കൾ സ്വന്തം കൈകൊണ്ടു തന്നെ നൽകി എന്നുള്ളത് പ്രശംസനീയമായ കാര്യമാണ്. ബൾഗേരിയൻ സംഘത്തിലെ കേസ്മാ ഇൽമീരാ സാഹിബ പറയുന്നു; എനിക്ക് ജർമൻ ജൽസയിൽ ഇത് മൂന്നാം തവണയാണ് പങ്കെടുക്കുവാനുള്ള അവസരം ലഭിക്കുന്നത്. ഓരോ വർഷവും പുതിയ പുതിയ കാര്യങ്ങൾ പഠിക്കാൻ കഴിയുന്നു. ഞാനൊരു ഫിസിയോതെറാപ്പിസ്റ്റും സൈക്കോളജിസ്റ്റുമാണ്. അതുകൊണ്ടുതന്നെ ഞാൻ പ്രഭാഷണങ്ങൾ വളരെ ശ്രദ്ധയോടെ കേൾക്കാറുണ്ട്. ഈ പ്രഭാഷണങ്ങളിൽ വിവരിക്കപ്പെടുന്ന, അഹ്മദിയ്യാ ജമാഅത്തിന്റെ അദ്ധ്യാപനങ്ങൾ മുഖേന എനിക്കെന്റെ ഓരോ രോഗിയുടെയും പ്രശ്നങ്ങൾ അനായാസം പരിഹരിക്കാൻ സാധിക്കും. എനിക്കുവേണ്ടിയും ഫലപ്രദമായ ഉപദേശങ്ങളുമായിട്ടാണ് ഞാൻ തിരിച്ചു പോകാറ്. അഹ്മദിയായ മറ്റൊരു സുഹൃത്താണ് ഗിസം ഉസാച്ചി സാഹിബ്. ഒരു നിർമ്മതവാദ സൊസൈറ്റിയുമായി ബന്ധപ്പെട്ടയാളായിരുന്നു അദ്ദേഹം. ഏതാനും വർഷങ്ങൾക്കു മുൻപ് ജമാഅത്തുമായി ബന്ധപ്പെടാൻ സാധിച്ചു. മതപരമായ, പ്രത്യേകിച്ചും ഇസ്ലാമുമായി ബന്ധപ്പെട്ട് അഹ്മദിയ്യാ ജമാഅത്ത് നൽക്കുന്ന തെളിവുകൾ അദ്ദേഹത്തിന് വളരെ യുക്തമായി തോന്നി. അതിനു മുൻപ് മൗലവിമാരുടെ കഥകൾ കേട്ട് മതവിശ്വാസത്തിൽ നിന്നകന്നിരിക്കുകയായിരുന്നു. അങ്ങനെ ഏതാനും വർഷങ്ങൾക്കു മുൻപ് അദ്ദേഹം ബൈഅത്ത് ചെയ്തു. ഇപ്പോൾ പതുക്കെപ്പതുക്കെ ഇസ്ലാമിക രീതികൾ പാലിച്ചു വരുന്നു. ജൽസ സാലാന വളരെ പ്രത്യേകതയുള്ള ഒന്നായി എനിക്ക് തോന്നി. എല്ലാ വർഷങ്ങളിലെയും പോലെ സംവിധാനങ്ങളും അതിഥി സൽക്കാരവും വളരെ മികച്ച രീതിയിലായിരുന്നു. ലജ്നയെ അഭിസംബോധനചെയ്തുകൊണ്ടുള്ള എന്റെ പ്രഭാഷണവും സമാപന പ്രഭാഷണവും വളരെ സ്വാധീനിച്ചുവെന്നും ഈ സന്ദേശം നാം പുരുഷൻമാരും എപ്പോഴും ഓർത്തിരിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

മറ്റൊരു അതിഥിയാണ് ഏലി ശവാൻചി. അൽബേനിയക്കാരനാണ് അദ്ദേഹം. ജർമനിയിലാണ് താമസിക്കുന്നത്. അദ്ദേഹം പറയുകയാണ്; ജൽസാ സാലാന ഓരോ അഹ്മദിക്കും വളരെ വലിയ ഒരു ആത്മീയ സമ്മേളനമാണ്. ജൽസയിൽ പങ്കെടുത്തതുകൊണ്ട് അദ്ദേഹത്തിന് ഇസ്ലാമിന്റെ അടിസ്ഥാന അദ്ധ്യാപനങ്ങളെക്കുറിച്ചറിയാൻ സാധിച്ചതിനോടൊപ്പം അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്ത് വ്യവസ്ഥിതിയിലൂടെ ആ മനോഹരമായ അദ്ധ്യാപനങ്ങളുടെ കർമ്മ മാതൃകയും കാണുവാൻ സാധിച്ചു. അദ്ദേഹം പറയുന്നു ഒരു അഹ്മദി മുസൽമാൻ എന്ന നിലയ്ക്ക് വർഷം മുഴുവനും ഈ ആത്മീയ ജൽസയെ തയ്യാറെടുപ്പോടെ കാത്തിരിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ വിവരിക്കാൻ പറ്റാത്ത വിധത്തിലുള്ള ഒരു യഥാർത്ഥ സാഹോദര്യബന്ധം ഇവിടെ കാണാൻ സാധിക്കുന്നു. ഈ ജൽസയിൽ പങ്കെടുത്തുകൊണ്ട് ഞാൻ സ്വർഗ്ഗത്തിലാണെന്നും ലോകത്തിലെ ഏറ്റവും ഭാഗ്യശാലിയായ മനുഷ്യൻ ഞാനാണെന്നും തോന്നിപ്പോകുന്നു. അടുത്ത വർഷത്തെ ജൽസയെയും വളരെ അക്ഷമനായി കാത്തിരിക്കുകയാണ് ഞാൻ. ജ്യോർജിയയിൽ നിന്നുള്ള സംഘത്തിൽ ഒരു മതവിജ്ഞാന വിദ്യാർത്ഥിനിയായ നാനോക്കാ സാഹിബയും ഉണ്ടായിരുന്നു. ബൈഅത്തിന്റെ സമയത്തുള്ള അവരുടെ വികാരത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് പറയുന്നു; ബൈഅത്തിന്റെ വേള വളരെ വികാരഭരിതമായിരുന്നു. മതപരമായ ഐക്യത്തിന്റെ കാഴ്ച എനിക്കു കാണുവാൻ സാധിച്ചു. വ്യത്യസ്ത നിറത്തിലും വംശത്തിലുമുള്ളർക്ക് സമാധാനത്തോടെ എങ്ങനെ ഒരുമിച്ചു ജീവിക്കാം എന്നും ഞാൻ കണ്ടു. ഞാനൊരു മതവിജ്ഞാന വിദ്യാർത്ഥിനിയാണ്, ജൽസയിൽ ആദ്യമായിട്ടാണ് പങ്കെടുക്കുന്നത്. ശാന്തി കരസ്ഥമാക്കുവാനുള്ള ഒരു ഉത്തമ മാർഗ്ഗമാണെന്നു ഞാൻ ദൃഢമായും വിശ്വസിക്കുന്നു. കോസോവോയിൽ നിന്നും വന്ന സംഘത്തിലെ ഒരു സുഹൃത്ത് മിസ്

റ്റർ ശേബ് സകർ ജി സാഹിബ് പറയുന്നു; ജൽസയിൽ പങ്കെടുക്കണമെന്ന അറിയിപ്പ് ലഭിച്ചപ്പോൾ സന്തോഷം തോന്നിയെങ്കിലും യാത്രാചിലവിനെക്കുറിച്ച് ചിന്തിച്ചപ്പോൾ വളരെ മനപ്രയാസത്തിലായി. അദ്ദേഹം പറയുന്നു; എന്നിരുന്നാലും എനിക്ക് കാലത്തിന്റെ ഖലീഫയെ കാണണം ജൽസയിൽ പങ്കെടുക്കണം എന്ന ഉത്ക്കടമായ ആഗ്രഹമുണ്ടായിരുന്നു. അങ്ങിനെ ഞാനെന്റെ പശുവിനെ വിൽക്കുകയും ജലസയിൽ പങ്കെടുക്കുവാനായുള്ള യാത്രാ ചെലവ് കണ്ടെത്തുകയും ചെയ്തു. ഹുസൂർ പറയുന്നു; അഹ്മദിയായിക്കഴിഞ്ഞ ശേഷം ഇങ്ങനെയും ആളുകൾ ത്യാഗം ചെയ്ത് ജൽസയിൽ പങ്കെടുക്കുവാൻ ശ്രമിക്കുന്നു. മാൾട്ടയിൽ നിന്നും ജൽസയിൽ പങ്കെടുത്ത മൂന്ന് വനിതകൾ സ്ത്രീകളുടെ ഏരിയ സന്ദർശിച്ചു. ഞങ്ങളെ നല്ലപോലെ ശ്രദ്ധിക്കുകയും ആവശ്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഒരു കുടുംബമെന്ന പോലെയായിരുന്നു അവിടെ. ഞങ്ങൾ തമ്മിൽ വർഷങ്ങളോളം നല്ല പരിചയമുള്ളതു പോലെയായിരുന്നു പെരുമാറ്റം. വാസ്തവത്തിൽ ഞങ്ങൾ ആദ്യമായി കാണുകയായിരുന്നു. പിന്നീട് പറയുന്നു; സ്ത്രീകളുടെയും പുരുഷൻമാരുടെയും രണ്ടു ഭാഗത്തെയും അവസ്ഥകൾ അനുഭവിച്ചറിയാൻ കഴിഞ്ഞു. സ്ത്രീകൾക്കും പുരുഷൻമാർക്കുമായി വെവ്വേറെ സംവിധാനം ഏർപ്പെടുത്താനുള്ള ഇസ്‌ലാമിക അദ്ധ്യാപനത്തിന്റെ യഥാർത്ഥ യുക്തിയും തത്വവും എന്താണെന്ന് മനസ്സിലാക്കുവാനുള്ള അവസരം ലഭിച്ചു. ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ വളരെ യുക്തിഭദ്രമാണെന്നും സ്ത്രീകൾ വേറെ സ്ഥലത്ത് കൂടുതൽ സമാധാനം അനുഭവിക്കുന്നവരാണന്നും അതിലൂടെ അവർക്ക് അവരുടേതായിട്ടുള്ള സംവിധാനമൊരുക്കുന്നതിനും അവരുടെ കഴിവുകളും മികവുകളും പ്രകടിപ്പിക്കുന്നതിനുമുള്ള തുറന്ന അവസരം ലഭിക്കുന്നുവെന്നും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്കു പറയാൻ സാധിക്കും.

ഹുസൂർ പറഞ്ഞു, സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സംവിധാനമൊരുക്കുന്നത് ആവശ്യമാണെന്ന് അന്യരും അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. എന്നാൽ നമ്മുടെ ചില യുവതലമുറയിലെ പെൺകുട്ടികൾക്ക് എല്ലാവരെയും ഒരുമിച്ച് എന്തുകൊണ്ട് ഇരുത്തുന്നില്ല, സ്വാതന്ത്രമില്ല എന്നൊക്കെ ചിന്തിക്കുന്നു. അവർ ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതാണ്.

കിർഗിസ്ഥാനിൽ നിന്നും വന്ന ഒരു അതിഥി വിവരിക്കുന്നു; ജൽസയിൽ പങ്കെടുത്തപ്പോൾ അസാധാണമായ ഒരനുഭൂതിയായിരുന്നു ഉണ്ടായിരുന്നത്. അഹ്മദിയാകുന്നതിനു മുൻപ് എനിക്ക് ഒരിക്കലും കരച്ചിൽ വന്നിട്ടില്ല. ഖാദിയാനിലും ജർമ്മനിയിലും മാത്രമേ ഞാൻ കരഞ്ഞിട്ടുള്ളൂ. ഹൃദയത്തിന് ഒരു നൈർമല്യവും മാറ്റവുമുണ്ടായതുപോലെ എനിക്കനുഭവപ്പെട്ടു. ഓരോരുത്തരും ബൈഅത്തു ചെയ്യുമ്പോൾ എന്റെ വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നു. മുൻപ് ഞാനൊരു മൗലവിയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പുസ്തകങ്ങൾ വായിച്ചപ്പോൾ, ദജ്ജാലിനെ സംബന്ധിച്ചും ഹദ്റത്ത് മസീഹ് മൗഊദ് (അ)നെക്കുറിച്ചും വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളുടെ യാഥാർത്ഥ്യം മനസ്സിലായി. ബൈഅത്തിന്റെ സമയത്ത് എന്റെ മേൽ തണുത്ത വെള്ളം വീഴുന്നതായിട്ടാണ് അനുഭവപ്പെട്ടത്. ഞാനിപ്പോൾ ഒരു യഥാർത്ഥ മുസ്‌ലിമായിരിക്കുന്നു.

സെനഗലിൽ നിന്നും വന്ന ഒരു അതിഥി പറയുന്നു, ഞാൻ ജൽസയിൽ പങ്കെടുക്കാതിരിക്കുകയും തങ്കളെ കാണാതിരിക്കുകയുമായിരുന്നെങ്കിൽ എന്റെ ജീവിതത്തിൽ വലിയൊരു വിടവ് അനുഭവപ്പെടുമായിരുന്നു. എന്റെ ജീവിതത്തിന്റെ മിഷൻ പൂർത്തിയായതായി ഇന്നെനിക്കു തോന്നുന്നു. അദ്ദേഹം ഒരു കപ്പലിന്റെ മാതൃക കൈവശം വച്ചിട്ടുണ്ടായിരുന്നു. ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു, ഇത് താങ്കൾക്ക് ഉപഹാരമായി നൽകാൻ കൊണ്ടു വന്നതാണ്. ഈ കപ്പൽ സമാധാനത്തിന്റെ കപ്പലാണ്. എല്ലാവരോടും സ്നേഹം ആരോടും വെറുപ്പില്ല എന്നതിന്റെ പ്രതീകമായ കപ്പലാണ്. ഇത് അഹ്മദിയ്യത്താകുന്ന കപ്പലാണ് ഇതിൽ യാത്രചെയ്യുന്നവർ സമാധാനത്തിലായിരിക്കും. കപ്പലിന്റെ മാതൃക ഉപഹാരമായി നൽക്കുന്നതിന്റെ മറ്റൊരർത്ഥം, ഞങ്ങളുടെ രാജ്യത്തിലെ ഉപജീവന മാർഗ്ഗം ഇതാണ്. അവിടെ മത്സ്യത്തൊഴിലാളികൾ ധാരാളമാണ്. ആയതിനാൽ ഞങ്ങളുടെ രാജ്യത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്താലും.

ബോസ്നിയയിൽ നിന്നെത്തിയ യാസ്മീൻ സിപാചീത്ത് സാഹിബ് പറയുന്നു, ഇസ്‌ലാമിനോടും ഇസ്‌ലാമിന്റെ സ്ഥാപകരോടുമുള്ള അങ്ങയുടെ അനുരക്തിയുടെ പ്രകടനം അങ്ങയുടെ സ്നേഹംവിതറുന്ന വാക്കുകളിൽ നിന്നും പ്രകടമായിരുന്നു. നബി(സ)തിരുമേനിയുടെ ജീവചരിത്രം വിവരിച്ചുകൊണ്ട് നൽകിയ ഉപദേശം ഹൃദയത്തിൽ തട്ടുന്നതായിരുന്നു. നിബി(സ)തിരുമേനി ചെയ്തിരുന്ന കാര്യങ്ങളായിരുന്നു ഇതെല്ലാം. പിന്നീടദ്ദേഹം പറയുന്നു, അടുത്ത വർഷത്തെ ജൽസ ഇതിലും മികച്ചതാകട്ടെയെന്നും ഈ ജൽസ നബി(സ)തിരുമേനിയുടെ സമുദായത്തിന്റെ ദൃഢതയ്ക്കും ഐക്യത്തിനും കാരണമായിത്തീരട്ടെയെന്നും ഞാൻ ദുആ ചെയ്യുന്നു.

യമീന ചാഷ്യൂസ് സാഹിബ പറയുന്നു; ജൽസയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് അനുഭവിച്ചറിയാൻ സാധിച്ചത് ജൽസയുടെ ഈ അന്തരീക്ഷത്തിന് ആത്മീയമായി മൃതരായിരിക്കുന്ന മനുഷ്യനിൽ ജീവാത്മാവിനെ പ്രവേശിപ്പിക്കാൻ തക്കതായ സ്വാധീന ശേഷിയുണ്ട് എന്നാണ്.

ലെബ്നാനിലെ കമാൽ ലുവാന് സാഹിബ് പറയുന്നു;എനിക്ക് ജമാഅത്തിന്റെ സത്യതയ്ക്കുള്ള തെളിവായി കാണാൻ സാധിച്ചത് ഇത്രയധികം ആളുകളും അവർക്കായുള്ള മികച്ച ഏർപ്പാടുകളുമാണ്. ജൽസക്കിടയിൽ ഒരു സുഹൃത്ത് എന്നോടു പറയുകയുണ്ടായി, ഇദ്ദേഹം ഖലീഫത്തുൽ മുസ്‌ലിമീൻ ആണ്. അതിനുശേഷം ഞാൻ അഹ്മദികളോട് പല ചോദ്യങ്ങളും ചോദിച്ചു. അതിനെല്ലാം അവർ മനോഹരമായ മറുപടികൾ നൽകി. അഹ്മദിയത്തിന്റെ സത്യതയിൽ എന്റെ ഹൃദയം ആശ്വാസം കൊണ്ടു. അടുത്ത വർഷം വരെ ജീവിക്കുമോ ഇല്ലയോ എന്നറിയില്ല അതുകൊണ്ട് ഇപ്പോൾ തന്നെ ബൈഅത്ത് ചെയ്യേണ്ടതാണ്. അങ്ങനെ ഞാൻ ബൈഅത്തു ചെയ്തു.

ഫുആദ് സാഹിബ് പറയുന്നു; ഞാൻ 2018 ൽ ബൈഅത്തു ചെയ്തു പക്ഷെ എന്റെ ഭാര്യ ബൈഅത്തു ചെയ്യാൻ വിസമ്മതിച്ചു. ഞാൻ പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു എന്നിട്ട്, ഈ പുസ്തകം വായിച്ച് ഇസ്തിഖാറയും ചെയ്യുക എന്നു പറഞ്ഞു. മൂന്നു മാസം എന്റെ ഭാര്യ ഇസ്തിഖാറ ചെയ്തു. ഒരുദിവസം ഒരു സ്വപ്നം കണ്ടു; ജനങ്ങൾ ചുറ്റും കൂടിയിരിക്കുന്നു അവരുടെ മധ്യത്തിൽ ഒരു വെള്ളപ്രാവുണ്ട്. എന്റെ ഭാര്യ ചോദിച്ചു. പ്രാവ് കൊണ്ടുദ്ദേശിക്കുന്നതെന്താണ്? അപ്പോൾ അക്കൂട്ടത്തിൽനിന്നൊരാൾ പറഞ്ഞു; ഈ പ്രാവ് ഇസ്ലാം പ്രചരിപ്പിക്കുന്നതിനായി ഖുദുസ് ദേശത്തു വന്നിരിക്കുകയാണ്. ആ സ്വപ്നം എന്റെ ഭാര്യയുടെ ഹൃദയം തുറന്നു. അങ്ങനെ ഈ 2019ലെ ജൽസയിൽ പങ്കെടുക്കുകയും ബൈഅത്തു ചെയ്യുകയും ചെയ്തു. അദ്ദേഹം പറയുന്നു; അല്ലാഹു എന്റെ മുഴുവൻ കുടുംബത്തിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ബൈഅത്തു ചെയ്യുവാനുള്ള സൗഭാഗ്യമേകി എന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഇനി ഞാനെന്റെ എല്ലാ ബന്ധുക്കൾക്കും തബ്ലീഗ് ചെയ്യുന്നതാണ്.

അല്ലാഹു ഈ ബൈഅത്തു ചെയ്തവരുടെ ആത്മാർത്ഥതയിലും കൂറിലും ഈമാനിലും വർദ്ധനവു നൽകുമാറാകട്ടെ. ഈ ജൽസയുടെ അനുഗ്രഹങ്ങൾ സ്വായത്തമാക്കുവാൻ അല്ലാഹു നമുക്കെല്ലാവർക്കും തൗഫീഖ് നൽകട്ടെ. മസീഹ് മൗഊദ്(അ)ന്റെ ദുആകൾക്ക് അവകാശികളാക്കിത്തീർക്കട്ടെ.

മീഡിയ കവറേജുമായി ബന്ധപ്പെട്ട് ഹുസൂർ പറഞ്ഞു; ഈവർഷം ജർമ്മനിയിലെ 13 മീഡിയ ഔട്ട്ലെറ്റ് മുഖേന ജൽസയുടെ കവറേജ് നടന്നു. കൂടാതെ ഇറ്റലി, ചൈന, സ്ലോവാക്യ എന്നീ രാജ്യങ്ങളിലെ ഓൺലൈൻ പത്രങ്ങളും വാർത്തകൾ നൽകി. അതിലൂടെ ഉദ്ദേശം രണ്ടുകോടി ഇരുപത്തിനാലു ലക്ഷം പേർക്ക് സന്ദേശമെത്തി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വലിയ തോതിൽ ജമാഅത്തിനെ പരിചയപ്പെടുത്തുകയുണ്ടായി . അല്ലാഹു എല്ലാവിധത്തിലും അത് അനുഗൃഹീതമാക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 12.07.2019
Malayalam Translation : **Mou.Najmudheen** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516